2001-2002 മുതൽ 2005-2006 വരെയുള്ള പദ്ധതി-പദ്ധതിയേതര ചെലവുകൾ

32 [489] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 മുതൽ 2005-06 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്ര;

(സി) പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02 മുതൽ 2005-06 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പ് അടിസ്ഥാനത്തിൽ ശേഖരിച്ചു വരുന്നു.

(ബി) വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

വിവിധ വകുപ്പുകളിലെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരുന്ന തുക

33 [490] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം എന്നീ വകുപ്പുകളിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ എന്ത് തുക വീതമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതിൽ എന്ത് തുക വീതം ഓരോ വകുപ്പിലും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ സർക്കാരിന്റെ മറ്റ് വകുപ്പുകൾക്കായി നീക്കിവച്ച തുക എത്രയെന്നും പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ച തുക എത്ര വീതമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം എന്നീ വകുപ്പുകളിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തുക (പദ്ധതി വിഹിതത്തിൽ) താഴെ പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly